കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 17 | ഡിസംബർ 15, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 പ്രതിവർഷം 15 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്യും : കൃഷി മന്ത്രി ശ്രീ. പി പ്രസാദ്

3 എല്ലാവരും കർഷകരാകുക എന്നത് വിലക്കയറ്റം തടയാനുള്ള ഏകമാർഗ്ഗം : മന്ത്രി ശ്രീ. പി. പ്രസാദ്

7 ക്ഷീരകർഷകർക്ക് ആശ്വാസമായി ക്ഷീരശ്രീ

## കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതിയ്ക്ക് തുടക്കമായി

ആലപ്പുഴ കഞ്ഞിക്കുഴി പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി ഡിസംബർ 12 ന് കാർഷിക വികസനകർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ പി പ്രസാദ് ഉദ്ഘാടനം ചെയ്തു. പദ്ധതിക്ക് മുന്നോടിയായി പഞ്ചായത്തിൽ കാർഷിക മത്സരങ്ങൾ, കാർഷികമേള, കാർഷിക സംവാദം, സെമിനാർ എന്നിവ സംഘടിപ്പിച്ചു. കഞ്ഞിക്കുഴി പി പി സ്വാതന്ത്ര്യം സ്മാരക കമ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഗീത കാർത്തികേയൻ അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി ജി മോഹനൻ മുഖ്യപ്രഭാഷണം നടത്തി.

### പദ്ധതി ആനുകൂല്യങ്ങൾ

കായ്ഫലം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകൾ നൽകും. തെങ്ങിന് തടം തുറക്കാൻ 50 ശതമാനവും മഗ്നീഷ്യത്തിന് 75 ശതമാനവും സബ്സിഡി ലഭിക്കും. മണ്ണിന്റെ പിഎച്ച് നിയന്ത്രിച്ച് അമ്ലത കുറയ്ക്കാൻ നീറ്റുകക്ക കിലോ ഒമ്പതു രൂപ സബ്സിഡിയിൽ കൊടുക്കും. 50 ശതമാനം സബ്സിഡിയിൽ ജൈവവളവും നൽകും. ഇതിനായി 38 ലക്ഷം രൂപ ഉപയോഗിക്കും. ബാക്കി 12,17,000 രൂപ സബ്സിഡി നിരക്കിൽ മോട്ടർ, തെങ്ങുകയറ്റ യന്ത്രം, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, ഇടവിള കൃഷി പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഉപയോഗിക്കും. മോട്ടോർ വാങ്ങാൻ അഞ്ച് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങുകയറ്റ യന്ത്രം ഒന്നിന് 2000 രൂപ സബ്സിഡി നൽകും.





കഞ്ഞിക്കുഴി പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി ഉദ്ഘാടനത്തോടനുബന്ധിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പ്രദർശന സ്റ്റാൾ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് സന്ദർശിച്ചപ്പോൾ

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# കന്നുകാലികളെ ഇൻഷുർ ചെയ്യാനുള്ള ബൃഹത്തായ പദ്ധതി ആവിഷ്കരിക്കും - മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

കേരളത്തിലെ മുഴുവൻ കന്നുകാലികളെയും ഇൻഷുർ ചെയ്യാനുള്ള ബൃഹത്തായ പദ്ധതി ആവിഷ്കരിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പോത്തുകുട്ടി വളർത്തൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 9 ന് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കർഷകരുടെ വരുമാനം വർദ്ധനവിനും ശുദ്ധമായ മാംസോത്പാദനത്തിലൂടെ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന ഈ പദ്ധതി കുന്നുമ്മൽ, കോഴിക്കോട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. 5-6 മാസം പ്രായമുള്ള ഏകദേശം 65-75 കിലോഗ്രാം വരെ തൂക്കമുള്ള പോത്തുകുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പുകളെടുത്ത് ഇൻഷുർ ചെയ്ത് പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്ത കർഷകർക്ക് നല്കുകയും പിന്നീട് ഇവയെ മാംസാവശ്യങ്ങൾക്ക് വിൽക്കുകയും ചെയ്യുകയാണ് പദ്ധതിയിലൂടെ ചെയ്യുന്നത്. പദ്ധതിയുടെ 60% ഫണ്ട് കേന്ദ്രവും 40% കേരളവും വഹിക്കും. ചെറിയ തുക കർഷകരിൽ നിന്നും ഈടാക്കുമെന്നും മന്ത്രി പറഞ്ഞു. കാവിലുംപാറ ഗ്രാമ പഞ്ചായത്ത് ഓഫീസ് പരിസരത്ത് നടന്ന ചടങ്ങിൽ ശ്രീ കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ എം.എൽ.എ മുഖ്യാതിഥിയായി. കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.പി. ചന്ദ്രി, കാവിലുംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ പി.ജി. ജോർജ് മാസ്റ്റർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. രമാദേവി കെ, സീനിയർ വെറ്റിനറി സർജൻ ഡോ. കെ.ടി. മുസ്തഫ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# സംസ്ഥാനം ഭക്ഷ്യ സാക്ഷരത കൈവരിക്കേണ്ടത് അനിവാര്യം : കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

ഭക്ഷണകാര്യത്തിൽ സംസ്ഥാനം സാക്ഷരത കൈവരിക്കേണ്ടത് അനിവാര്യമാണ്. അല്ലെങ്കിൽ പരസ്യവാചകങ്ങളിൽ വീണ് ജനങ്ങൾ മാറാരോഗത്തിന് അടിമകളാകും. നാവിലെ രുചിയും, മണവും അനുസരിച്ച് ഭക്ഷണസാധനങ്ങൾക്ക് കീഴ്പ്പെടാൻ പാടില്ല. നമ്മുടെ തനതായ ഭക്ഷണക്രമങ്ങൾ തിരികെ കൊണ്ടുവന്നില്ലെങ്കിൽ വൻ വിപത്തിലേക്കായിരിക്കും സംസ്ഥാനം നീങ്ങുന്നതെന്നും കൃഷിമന്ത്രി ശ്രീ പി. പ്രസാദ് പറഞ്ഞു. അടൂർ കരുവാറ്റ സെന്റ് മേരീസ് ഓർത്തഡോക്സ് ഹാളിൽ വച്ച് നടന്ന കേരഗ്രാമം പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.



അടൂർ മുൻസിപ്പാലിറ്റി, ഏനാദിമംഗലം, കലഞ്ഞൂർ ഗ്രാമ പഞ്ചായത്തുകൾ എന്നിവ സംയുക്തമായാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ശ്രീ ചിറ്റയം ഗോപകുമാറിന്റെ അധ്യക്ഷതയിലായിരുന്നു ചടങ്ങുകൾ നടന്നത്.

വിലക്കയറ്റം നിയന്ത്രിക്കുന്നതി

നുള്ള ഏകമാർഗ്ഗം എല്ലാവരും കൃഷി ചെയ്യുക എന്നതാണെന്ന് മന്ത്രി പറഞ്ഞു. സാധ്യമായ സ്ഥലത്ത് പഴങ്ങളും പച്ചക്കറികളും കൃഷി ചെയ്യാൻ എല്ലാവരും ശ്രമിക്കണം .ആവശ്യമായ നടീൽ വസ്തുക്കളും, മറ്റ സാങ്കേതിക സഹായങ്ങളും കൃഷിവകുപ്പ് നൽകുന്നതായിരിക്കും. 2016 ൽ 6.5 ലക്ഷം മെട്രിക് ടൺ ആയിരുന്ന പച്ചക്കറി ഉത്പാദനമെങ്കിൽ 2021 ൽ 15.7 ലക്ഷം മെട്രിക് ടണ്ണിൽ എത്തിയിട്ടുണ്ട്. പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത എന്നത് അനായാസം സാധ്യമാക്കാൻ പറ്റുന്ന കാര്യമാണ്. കേരഗ്രാമം പദ്ധതിക്കായി 76 ലക്ഷം രൂപ മൂന്നു വർഷംകൊണ്ട് ലഭ്യമാകും. നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് പ്രാദേശികമായി ബ്രാൻഡ് ചെയ്ത് പുറത്തിറക്കണമെന്നും മന്ത്രി പറഞ്ഞു.

ഉപഭോക്തൃ സംസ്കാരം മാറ്റി ഉൽപ്പാദക സംസ്കാരം കൊണ്ടുവരണമെന്ന് അധ്യക്ഷപ്രസംഗത്തിൽ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ പറഞ്ഞു. ചടങ്ങിൽ മികച്ച കർഷക തൊഴിലാളിയായ ശ്രീ. രാഘവനെ അടൂർ മുൻസിപ്പൽ ചെയർമാൻ ശ്രീ ഡി. സജി ആദരിച്ചു. സമേതി ഡയറക്ടർ ശ്രീമതി അനില മാത്യൂ പദ്ധതി വിശദീകരണം നടത്തി. പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ ജോർജ് ബോബി ചടങ്ങിന് സ്വാഗതവും ,അടൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ റോഷൻ ജോർജ് നന്ദിയും അറിയിച്ചു. ഉദ്ഘാടന ചടങ്ങിന് മുന്നോടിയായി ശാസ്ത്രീയ തെങ്ങ് കൃഷി പരിപാലനം എന്ന വിഷയത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ കെ.എസ് .പ്രദീപ് ക്ലാസ്സ് എടുക്കുകയും ചെയ്തു.

# നെൽവയൽ റോയൽറ്റി എല്ലാ വർഷവും നൽകും: കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

റ കൃഷിയോഗ്യമായ നെൽപ്പാടങ്ങളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000/- രൂപ നിരക്കിൽ കഴിഞ്ഞ വർഷം അനുവദിച്ച റോയൽറ്റി എല്ലാ വർഷവും തുടരുമെന്ന് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. നെൽവയൽ സംരക്ഷിച്ച് നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണവും സാധ്യമാക്കുക എന്ന ലക്ഷ്യവും മുൻനിർത്തിയാണ് കൃഷിയോഗ്യമായ നെൽവയൽ ഉടമസ്ഥർക്ക് ഒരു ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുക എന്ന പദ്ധതി 2020 - 21 വർഷത്തിൽ ആരംഭിച്ചത്. നെൽകൃഷിയിൽ കർഷകർ തുടരുന്നതിന് നെൽകൃഷി ആദായകരമാകേണ്ടതുണ്ട്. ആയതിനാൽ കൃഷിയോഗ്യമായ നെൽപ്പാടങ്ങളുടെ ഉടമസ്ഥർക്ക് ഹെക്ടറൊന്നിന് 2000 രൂപ നിരക്കിൽ റോയൽറ്റി എല്ലാവർഷവും, വർഷത്തിൽ ഒരു തവണ അനുവദിക്കുന്നതിന് തീരുമാനമായതായി മന്ത്രി അറിയിച്ചു.

# എല്ലാവരും കർഷകരാകുക എന്നത് വിലക്കയറ്റം തടയാനുള്ള ഏകമാർഗ്ഗം : മന്ത്രി ശ്രീ. പി. പ്രസാദ്

ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ചു നിർത്തുവാനുള്ള ഏകമാർഗ്ഗം എല്ലാവരും സാധ്യമായ സ്ഥലങ്ങളിൽ കൃഷി തുടങ്ങുക എന്നത് മാത്രമാണെന്ന് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്. കോവിഡ് ഒന്നാം തരംഗം ഉണ്ടായപ്പോൾ ഭക്ഷ്യസാധനങ്ങളുടെ ഉത്പാദനത്തിന് കാണിച്ച ഐക്യം തുടർച്ചയായും ഉണ്ടാകണമെന്നും അത് സംസ്കാരത്തിന്റെ ഒരു ഭാഗമാക്കണം എന്നും മന്ത്രി ആവശ്യപ്പെട്ടു. തിരുവനന്തപുരം മണമ്പൂർ ഗ്രാമപഞ്ചാത്തിൽ കേരഗ്രാമം ഉത്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. മണമ്പൂർ ബ്രാൻഡിൽ നാളികേരത്തിന് മൂല്യവർധിത ഉത്പന്നങ്ങൾ ഈ വർഷം തന്നെ പുറത്തിറക്കണമെന്ന് കേരഗ്രാമം



കർഷകരോട് മന്ത്രി ആവശ്യപ്പെട്ടു. ഉരുക്കുവെളിച്ചെണ്ണ, നാളികേരപ്പാൽ തുടങ്ങിയ ഉൽപ്പന്നങ്ങൾ കർഷക കൂട്ടായ്മയ്ക്ക് ബ്രാൻഡ് ചെയ്ത് പുറത്തിറക്കാൻ കഴിയണം. വിപണിയിൽ വ്യാജ ഉൽപന്നങ്ങൾ ധാരാളം ഉണ്ടെന്നും ഗുണമേന്മയുള്ള പ്രാദേശിക ഉൽപന്നങ്ങൾ വിപണിയിലെത്തേണ്ടത്

ആവശ്യമാണെന്നും മന്ത്രി സൂചിപ്പിച്ചു. നാളികേരം, പച്ചക്കറി എന്നിവയുടെ കാര്യത്തിൽ സ്വയം പര്യാപ്തതയിലേക്ക് എത്തുവാൻ നമുക്ക് കഴിയണം.

പച്ചക്കറി കൃഷിക്ക് ആവശ്യമായ വിത്തുകൾ, തൈകൾ എന്നിവ കൃഷി വകുപ്പ് മുഖാന്തിരം കർഷകർക്ക് ലഭ്യമാകുന്നതായിരിക്കും. ആയതിനാൽ സാധ്യമായ സ്ഥലത്ത് എല്ലാവരും കൃഷി ആരംഭിക്കണം. നാളികേര വികസന കൗൺസിലിന്റെ കീഴിൽ അടുത്ത വർഷം സംസ്ഥാനത്ത് 15 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതായിരിക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ചടങ്ങിൽ വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സ്മിതാ സുന്ദരേശൻ, ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി. പ്രിയദർശിനി, ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. കെ.എം. രാജു പദ്ധതി വിശദീകരിച്ചു. മണമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എ. നഹാസ് ചടങ്ങിനു സ്വാഗതം പറഞ്ഞു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. പ്രേമവല്ലി നന്ദിയും രേഖപ്പെടുത്തി.

# പച്ചക്കറിയുടെ വിലക്കയറ്റം പിടിച്ചു നിർത്താൻ എല്ലാവരും കൃഷിയിലേക്ക് ഇറങ്ങണം - കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

കേരളം പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് കൃഷി മന്ത്രി ശ്രീ പി.പ്രസാദ് അഭിപ്രായപ്പെട്ടു. 2021-22 വർഷത്തിൽ കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന് അനുവദിക്കപ്പെട്ട ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരമുള്ള കൂൺകൃഷി ഉപഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൂൺഗ്രാമത്തിന്റേയും ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രകാരം തയ്യാറാക്കപ്പെട്ട സസ്യപോഷണ ഔഷധക്കൂട്ടുകളുടെ വിതരണവും പച്ചക്കറി കൃഷി വികസന പദ്ധതിപ്രകാരമുള്ള തൈ വിതരണ ഉൽഘാടനവും കിരാച്ചി നവകേരള വായനശാല പരിസരത്ത് ഡിസംബർ 3 ന് നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. കഴിഞ്ഞ വർഷം പതിനഞ്ചു ലക്ഷത്തി എഴുപതിനായിരം മെട്രിക് ടൺ പച്ചക്കറി നമുക്ക് ഉൽപാദിപ്പിക്കാൻ കഴിഞ്ഞതായും മന്ത്രി അഭിപ്രായപ്പെട്ടു.




ചടങ്ങിൽ മങ്ങാട്ടിടം കൃഷി ഓഫീസർ ശ്രീമതി എ സൗമ്യ സ്വാഗതം പറഞ്ഞു. പഞ്ചായത്തു പ്രസിഡന്റ് ശ്രീ പി.സി.ഗംഗാധരൻ അധ്യക്ഷം വഹിച്ചു. കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ഇ.കെ. അജിമോൾ പദ്ധതി വിശദീകരണം നടത്തി. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ആർ. ഷീല പച്ചക്കറി തൈ വിതരണം നടത്തി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശ്രീ ടി. വി.സുഭാഷ് ഐ.എ. എസ് മുഖ്യാതിഥി ആയിരുന്നു. ശ്രീമതി യശോദ പി, ശ്രീ രാഘവൻ എം തുടങ്ങിയ കർഷകരെ ചടങ്ങിൽ ആദരിച്ചു. കണ്ണൂർ ജില്ലാ പഞ്ചായത്തു മെമ്പർ ശ്രീമതി. പി ശോഭ, മങ്ങാട്ടിടം പഞ്ചായത്തു വൈസ് പ്രസിഡണ്ട് ശ്രീമതി കെ.ശാന്തമ്മ ടീച്ചർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു

# കേരഗ്രാമം ഉദ്ഘാടനം ചെയ്തു

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിലെ കേരഗ്രാമം പദ്ധതി ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് ഡിസംബർ 7 ന് ഉദ്ഘാടനം ചെയ്തു.



# സകുടുംബം സംയോജിത കൃഷി പദ്ധതി മന്ത്രി ശ്രീ. പി. പ്രസാദ് ഉൽഘാടനം ചെയ്തു

മുണ്ടേരി ഗ്രാമപഞ്ചായത്തും മുണ്ടേരി കൃഷിഭവനും സംയുക്തമായി 2021-22 വർഷ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന "സകുടുംബം സംയോജിതകൃഷി" എന്ന പദ്ധതിയുടെ ഉദ്ഘാടനം കൃഷി മന്ത്രി ശ്രീ. പി.പ്രസാദ് ഡിസംബർ 3 ന് നിർവഹിച്ചു. പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ വിത്ത്, പച്ചക്കറി തൈകൾ, ജൈവവളം, ജൈവ കിടനാശിനി എന്നിവയുടെ വിതരണവും നടത്തി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിൽ അംഗമായ കർഷകർക്കുള്ള ജൈവിക ഉൽപാദനോപാധികളുടെ വിതരണം കാർഷിക മേള, കാർഷിക പ്രദർശനം, കാർഷിക വിദഗ്ധർ നയിക്കുന്ന കാർഷിക ക്ലാസ്, അനുഭവങ്ങൾ പങ്കുവയ്ക്കൽ എന്നിവയും ഇതോടനുബന്ധിച്ച് സങ്കടിപ്പിച്ചു.




കാർഷിക മേഖലയുടെ പുനരുദ്ധാരണം ദ്രുതഗതിയിൽ ജനകിയ വൽക്കരിച്ച് മുന്നോട്ടു കൊണ്ടുപോകാൻ ഈ സർക്കാരിന് സാധിച്ചു എന്നു കണ്ണൂർ എം എൽ.എ ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷ പ്രസംഗത്തിൽ സൂചിപ്പിച്ചു. ചടങ്ങിൽ മുണ്ടേരി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി എ അനീഷ സ്വാഗതം പറഞ്ഞു. കൃഷി ഡയറക്ടർ ശ്രീ ടി.വി.സുഭാഷ് ഐ എ എസ് മുഖ്യ പ്രഭാഷണം നടത്തി. കണ്ണൂർ പ്രിൻസിപ്പൽ.കൃഷി ഓഫീസർ ശ്രീമതി ഇ.കെ അജിമോൾ കാർഷിക ആൽബം മന്ത്രിക്കു കൈമാറി. കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ എം എൻ പ്രദീപൻ പദ്ധതി വിശദീകരണം നടത്തി. മുണ്ടേരി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ എ പങ്കജാക്ഷൻ , കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ വി.കെ. സുരേഷ് ബാബു, എടക്കാട് ബ്ലോക് പഞ്ചായത്ത് മെമ്പർ ശ്രീമതി കെ ബിന്ദു മറ്റു ഗ്രാമ ബ്ലോക്ക് പഞ്ചായത്തു അംഗങ്ങൾ ജനപ്രതിനിധികൾ എന്നിവർ ആശംസകൾ അർപ്പിച്ചു. മുണ്ടേരി കൃഷി ഓഫീസർ ശ്രീ കൃഷ്ണപ്രസാദ് നന്ദി പറഞ്ഞു.

# കൃഷിയെ ഒരു ജനകീയ ഉത്സവമാക്കുക - കൃഷി മന്ത്രി ശ്രീ. പി പ്രസാദ്



കൃഷിയെ നാം.ഒരു ജനകീയ ഉത്സവമാക്കി മാറ്റണമെന്നും സുരക്ഷിതവും ആരോഗ്യകരവുമായ ജീവിതത്തിന് നാം പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കണമെന്നും കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്. "സ്ഥാപനങ്ങളിലെ പദ്ധതി അധിഷ്ഠിത പച്ചക്കറികൃഷിയുടെ " തൈനടീൽ കാസറഗോഡ് സർക്കാർ ജനറൽ ആശുപ്രതിയിൽ ഡിസംബർ നാലിന് ഉൽഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. മാതൃക കർഷകനായ നെല്ലിക്കുന്ന തോട്ടത്തിൽ വീട്ടിൽ ശ്രീ. ബി.എൻ.പദ്മനാഭനെ മന്ത്രി ചടങ്ങിൽ ആദരിച്ചു. കൃഷിയിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ഉപഹാരങ്ങൾ നൽകി.

ചടങ്ങിൽ കാസറഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ആർ. വീണാറാണി സ്വാഗതം പറഞ്ഞു. കാസറഗോഡ് എം.എൽ.എ ശ്രീ. എൻ.എ. നെല്ലിക്കുന്ന് അധ്യക്ഷം വഹിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശ്രീ ടി.വി. സുഭാഷ് ഐ. എ. എസ് പദ്ധതി വിശദീകരണം നടത്തി. കൃഷി അഡിഷണൽ ഡയറക്ടർമാരായ ശ്രീ ജോർജ് അലക്സാണ്ടർ, ശ്രീമതി സുഷമ എസ്. ജോയിന്റ് ഡയറക്ടർ ആയ ശ്രീമതി ആർ.സുനിൽ കുമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കാസറഗോഡ് നഗര സഭ ചെയർമാൻ അഡ്വ. വി.എം മുനീർ കാർഷിക ഉപകരണങ്ങൾ കാസറഗോഡ് ജനറൽ ആശുപത്രി സൂപ്രണ്ടിനു കൈമാറി. വൈസ് ചെയർപേഴ്സൺ ശ്രീമതി ഷംസീദ ഫിറോസ് കൗൺസിലർമാരായ ശ്രീമതി അബ്ബാസ് ബീഗം, ശ്രീ ഖാലിദ് പച്ചക്കാട്, ശ്രീമതി എം ശ്രീലത തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# ചേർത്തല ക്ലസ്റ്ററിന്റെ കാർഷിക മേള

ആലപ്പുഴ ജില്ലയിൽ ഭാരതീയ പ്രകൃതികൃഷി പദ്ധതി പ്രകാരം രൂപീകരിച്ച ചേർത്തല ക്ലസ്റ്ററിന്റെ കാർഷികമേള ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഡിസംബർ 7 ന് നിർവഹിച്ചു. ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. സിനിമോൾ സാംസൺ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ആർ. ശ്രീരേഖ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ബിജി ജോയ്, കൃഷി അസിസ്റ്റൻറ് ഡയറക്ടർ ശ്രീ. റെജി ജി.വി, കൃഷി ഓഫീസർ ശ്രീമതി. റോസ്മി ജോർജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# മണ്ണിന്റെ നൻമയും ജൈവവൈവിധ്യവും സംരക്ഷിക്കപ്പെടണം: ശ്രീ. കടകംപള്ളി സുരേന്ദ്രൻ

മണ്ണിന്റെ ഘടനയും സവിശേഷതയും മനസ്സിലാക്കി അതിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുവാൻ നമുക്ക് കഴിയണമെന്ന് എം.എൽ.എ കടകംപള്ളി സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. അന്താരാഷ്ട്ര മണ്ണ് ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ് സംഘടിപ്പിച്ച സെമിനാറും പ്രദർശനവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ വാർഡ് കൗൺസിലർ ശ്രീ ൻലി ഡിക്രൂസ് അധ്യക്ഷനായിരുന്നു. ചടങ്ങിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ബൈജു. എസ്. സൈമൺ മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ശ്രീ ഫിറോഷ് എ .എസ് വിഷയാവതരണവും കൃഷി ഓഫീസർ ശ്രീമതി ഗ്രീഷ്മ.എസ് മണ്ണുപരിശോധന സംബന്ധിച്ച ക്ലാസും എടുത്തു.



വാർഡ് കൗൺസിലർമാരായ ശ്രീമതി ഗായത്രിദേവി, ശ്രീമതി അർച്ചന മണികണ്ഠൻ, ശ്രീമതി ആശാ ബാബു എന്നിവർ ആശംസകൾ അറിയിച്ചു. വികാസ് നഗർ റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ കേശവൻ കുട്ടി ചടങ്ങിനു സ്വാഗതവും ശ്രീകാര്യം കൃഷി ഓഫീസർ ശ്രീമതി ലക്ഷ്മി.വി നന്ദിയും രേഖപ്പെടുത്തി. ചടങ്ങിനോടനുബന്ധിച്ച് കേരളത്തിലെ വിവിധ തരം മണ്ണിനങ്ങളുടെയും സംസ്ഥാന ജില്ലാ പഞ്ചായത്ത് തല സോയിൽ മാപ്പിന്റെയും പ്രദർശനം, സൗജന്യ മണ്ണു പരിശോധന ക്യാമ്പ് എന്നിവയും സംഘടിപ്പിക്കുകയുണ്ടായി.

# ടെലി വെറ്ററിനറി യൂണിറ്റിന്റെ സേവനം എല്ലാ ജില്ലകളിലും നടപ്പാക്കും മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

കന്നു കാലികൾക്കും മറ്റു വളർത്തു മൃഗങ്ങൾക്കും പെട്ടന്ന് ഉണ്ടാകുന്ന അസുഖങ്ങൾക്കും കുത്തിവയ്പ്പിനും മറ്റു അത്യാഹിത സന്ദർഭങ്ങളിലും മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റിന്റെ സേവനം എല്ല ജില്ലകളിലും നടപ്പാക്കുമെന്ന് മന്ത്രി. ജെ. ചിഞ്ചുറാണി. ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന മോഡൽ പഞ്ചായത്ത് പദ്ധതിയായ ഭൗമദീപത്തിന്റെ ഉദ്ഘാടനവും ലോഗോ പ്രകാശനവും നിർവഹിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ക്ഷീര മേഖലക്കൊപ്പം മുട്ട, ഇറച്ചി ഉത്പാദനവും വർധിപ്പിക്കും. ക്ഷീരകർഷകരുടെ ഉന്നമനം, പരിസ്ഥിതി ജൈവഗ്രഹ സംരക്ഷണം, മണ്ണ്-ജല മലിനീകരണ നിയന്ത്രണം, രോഗനിയന്ത്രണം തുടങ്ങിയവ

ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയാണ് ഭൗമദീപം. പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ ശ്രീ ടി പി രാമകൃഷ്ണൻ എംഎൽഎ അദ്ധ്യക്ഷനായി. മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ ഡോ എ കൗശിഗൻ ഐ എ എസ്, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഇ ടി രാധ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ കെ രമാദേവി, ഡോ കെ കെ ബേബി, ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# ക്ഷീരകർഷകർക്ക് ആശ്വാസമായി ക്ഷീരശ്രീ

കർഷകർക്ക് ക്ഷീര വികസന വകുപ്പിൽ നിന്നും ലഭ്യമാകുന്ന സാമ്പത്തിക സഹായങ്ങൾക്ക് ഓൺലൈൻ അപേക്ഷ നൽകുന്നതിനുള്ള സംവിധാനം ആയ ക്ഷീരശ്രീ പോർട്ടൽ വട്ടിയൂർക്കാവ് എംഎൽഎ അഡ്വ വി. കെ. പ്രശാന്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണി കർഷകർക്കായി സമർപ്പിച്ചു. ക്ഷീര വികസന വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ ശ്രീ പി വി മോഹൻ കൃഷ്ണൻ, ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ സജയ് കുമാർ, ജോയിന്റ് ഡയറക്ടർ ശ്രീ ശശികുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# മൃഗസംരക്ഷണ മേഖലയിലെ സേവനങ്ങൾ കൂടുതൽ ആകർഷകമാക്കും : മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി

സംസ്ഥാനത്തെ 156 ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്നതിനും രാത്രികാലം ഉൾപ്പെടെ ഈ യൂണിറ്റുകളുടെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതിനും പദ്ധതി ഉടനെ ആരംഭിക്കും. ജില്ലാ തലത്തിൽ ടെലി വെറ്ററിനറി സർവീസുകളും കോൾ സെന്റർ സംവിധാനവും ഉടൻ തന്നെ പൂർത്തിയാക്കുമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചു റാണി അറിയിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ ആധുനിക രീതിയിലുള്ള പുതിയ ഷെഡ്ഡുകളുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. വട്ടിയൂർകാവ് എംഎൽഎ അഡ്വ വി കെ പ്രശാന്തിന്റെ അധ്യക്ഷതയിലായിരുന്നു ചടങ്ങുകൾ നടന്നത്. മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ. പ്രേം ജെയിൻ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ബീന ബീവി, ഫാം സൂപ്രണ്ട് ഡോ.അനിത, പി ഡബ്ല്യു ഡി ബിൽഡിംഗ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ ബി. സന്തോഷ്, ശ്രീ വട്ടിയൂർക്കാവ് ശ്രീകുമാർ, ശ്രീ ജി.മഹാദേവൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



# പ്രതിവർഷം 15 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്യും : കൃഷി മന്ത്രി ശ്രീ. പി പ്രസാദ്

നാളികേര വികസന കൗൺസിലിന്റെ ഭാഗമായി 10 വർഷത്തിനുള്ളിൽ രണ്ടുകോടി തെങ്ങിൻ തൈകൾ സംസ്ഥാനത്ത് വിതരണം ചെയ്യുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി അടുത്ത വർഷം മുതൽ 15 ലക്ഷം തെങ്ങിൻ തൈകൾ സംസ്ഥാനത്ത് വിതരണം ചെയ്യുമെന്ന് കൃഷി മന്ത്രി ശ്രീ പി. പ്രസാദ് അറിയിച്ചു. പത്തനംതിട്ട - പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്ന അദ്ദേഹം. നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ശ്രീ ചിറ്റയം ഗോപകുമാറിന്റെ അധ്യക്ഷതയിലായിരുന്ന ചടങ്ങ് സംഘടിപ്പിച്ചത്.

ചടങ്ങിൽ മികച്ച കർഷകരെ മന്ത്രി ആദരിക്കുകയുണ്ടായി. കേരഗ്രാമം പദ്ധതി പ്രകാരമുള്ള തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണോദ്ഘാടനം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ഓമല്ലൂർ ശങ്കരനും പമ്പ് സെറ്റുകളുടെ വിതരണോദ്ഘാടനം പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രേഖ അനിലും നിർവഹിച്ചു. സോയിൽ ഹെൽത്ത് കാർഡ് വിതരണ ഉദ്ഘാടനം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ ജോർജ് ബോബി നിർവഹിച്ചു.




ചടങ്ങിൽ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ എസ്. രാജേന്ദ്ര പ്രസാദ് സ്വാഗതം പറഞ്ഞു. സമേതി ഡയറക്ടർ ശ്രീമതി അനില.മാത്യു പദ്ധതി വിശദീകരണം നടത്തി. കൃഷി ഓഫീസർ ശ്രീമതി ലാലി. സി ചടങ്ങിന് നന്ദി രേഖപ്പെടുത്തി. ചടങ്ങിനോടനുബന്ധിച്ച് സെമിനാറിൽ സി പി സി ആർ ഐ യിൽ നിന്നുള്ള ഡോ. എസ്.കലാവതി, ഡോ എ .ജോസഫ് രാജ് കുമാർ എന്നിവർ ക്ലാസുകൾ എടുത്തു.

# ക്ഷീരഗ്രാമം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു

ക്ഷീരഗ്രാമം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും കുന്നമ്മൽ ബ്ലോക്ക് ക്ഷീരകർഷക സംഗമവും ഡിസംബ 9 ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു. മിച്ചഭൂമി കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് തീറ്റപ്പുൽ കൃഷി ഉൾപ്പെടെ പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നതിനെ കുറിച്ച് ആലോചിക്കുമെന്ന് മന്ത്രി പറഞ്ഞു. ചടങ്ങിൽ ശ്രീ കെ.പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് തലത്തിലെ മികച്ച ക്ഷീരകർഷകനെ ആദരിക്കൽ ശ്രീ ഇ.കെ വിജയൻ എം.എൽ.എ നിർവഹിച്ചു. മികച്ച ക്ഷീര സംഘങ്ങൾക്കുള്ള സമ്മാനദാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീജ ശശി നിർവഹിച്ചു. ക്ഷീരകർഷക ക്ഷേമനിധി ധനസഹായ വിതരണം ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ എൻ. രാജൻ നിർവഹിച്ചു. വേളം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പരിസരത്ത് നടന്ന ചടങ്ങിൽ വേളം പഞ്ചായത്ത് പ്രസിഡന്റ് നയീമ കുളമുള്ളതിൽ, കുന്നമ്മൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.കെ റീത്ത, നരിപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബാബു കാട്ടാളി, മറ്റ് ത്രിതല പഞ്ചായത്ത് അംഗങ്ങൾ എന്നിവർ സംസാരിച്ചു.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh